## വഴിവെളിച്ചം

# അന്ത്യദിനത്തിലെ കിരീടധാരികൾ

عَنْ مُعَاذٍ الجُهَنِيِّ رَضِيَ اللَّهُ عَنْهُ: أَنَّ رَسُولَ اللَّهِ ﷺ قَالَ : «مَنْ قَرَأَ الْقُرْآنَ وَعَمِلَ بِمَا فِيهِ أُلْبِسَ وَالِدَاهُ تَاجًا يَوْمَ الْقِيَامَةِ، ضَوْءُهُ أَحْسَنُ مِنْ ضَوْءِ الشَّمْسِ فِي بُيُوتِ الدُّنْيَا لَوْ كَانَتْ فِيكُمْ، فَمَا ظَنُّكُمْ بِالَّذِي عَمِلَ بِهَذَا».

മുആദുൽ ജുഹന്നീ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: “ആരെങ്കിലും വിശുദ്ധ ഗ്രന്ഥം പാരായണം ചെയ്യുകയും അതിന്റെ താൽപര്യപ്രകാരം പ്രവർത്തിക്കുകയുമാണെങ്കിൽ അയാളുടെ മാതാപിതാക്കൾ അന്ത്യദിനത്തിൽ കിരീടമണിയിക്കപ്പെടുന്നതാണ്, ഭൗതികലോകത്ത് നിങ്ങൾ കണ്ട് ശീലിച്ച സൂര്യതേജസ്സിനെവെല്ലുന്നതായിരിക്കും ആ കിരീടതേജസ്സ്; എന്നിരിക്കെ ഇപ്രകാരം പ്രവർത്തിച്ച സന്താനങ്ങളെക്കുറിച്ച് എന്താണ് നിങ്ങളുടെ വിചാരം?”(സുനനു അബീദാവൂദ്: 1453)

*സ്വഹീഹ് മുസ്‌ലിമിൽ* വന്ന ഒരു ഹദീസിൽ ആഇശ(റ) പ്രവാചകനിൽനിന്ന് ഉദ്ധരിക്കുന്നു: “പരിശുദ്ധ ഖുർആൻ പ്രാവീണ്യത്തോടെ പാരായണം ചെയ്യുന്നവർ മാന്യന്മാരും പുണ്യവാന്മാരുമായ മലക്കുകളോടും പ്രവാചകന്മാരോടും ഒപ്പമായിരിക്കും”. ഇതു പോലെ വിശുദ്ധ ഗ്രന്ഥത്തിന്റെ പാരായണം പുണ്യകർമമാണെന്നും അത് വിശ്വാസികളെ ഉത്തുംഗരാക്കുമെന്നും ഒരുപാട് ഹദീസുകളിൽ വന്നിട്ടുണ്ട്.

കേവലമായ പാരായണത്തിനപ്പുറം, ഖുർആന്റെ ആഴങ്ങളിലിറങ്ങിയുള്ള പഠനം നടക്കേണ്ടതുണ്ടെന്നും, അത്തരം പഠനപാരായണങ്ങളിലൂടെ മാത്രമേ വേദഗ്രന്ഥത്തിന്റെ ആത്മാവ് അനുവാചകരിലേക്ക് കൈമാറപ്പെടുകയുള്ളൂവെന്നും ഹദീസ് സൂചിപ്പിക്കുന്നു. തലമുറകളെ വിശുദ്ധ ഗ്രന്ഥത്തിന്റെ വാഹകരാക്കി സമൂഹത്തിന് സമർപ്പിക്കുന്നവർക്ക് സമാനതകളില്ലാത്ത പ്രതിഫലം ലഭിക്കും. കർമം ചെയ്തത് മക്കളാണ്. അതിന്റെ പ്രതിഫലമായി സൂര്യതേജസ്സിനെ നിഷ്പ്രഭമാക്കുന്ന പ്രകാശകിരീടങ്ങളാൽ രക്ഷിതാക്കൾ ആദരിക്കപ്പെടുന്നു. കർമത്തിന് യോഗ്യരായ മക്കളെ വളർത്തിയവരാണവർ.

ജീവിത പ്രയാണത്തിനിടയിൽ മക്കളുടെ ഭൗതികമായ പുരോഗതിയും സമൃദ്ധിയും മാത്രം കൊതിച്ചവർക്ക് ഐഹിക ജീവിതത്തിൽ തന്നെ മക്കൾ മുൾക്കിരീടം ചൂടിക്കാറുണ്ട്. ഐഹിക സമൃദ്ധിയിൽ കണ്ണഞ്ചി അതിനായി മക്കളെ പോറ്റിയൊരുക്കിയവർക്ക് വൃദ്ധസദനങ്ങളും വ്യാകുലതകളും ഏകാന്തതയും പകരം നൽകി ഐഹികലോകത്തു തന്നെ മാതാപിതാക്കളെ കണ്ണീരിലാഴ്ത്തുന്ന അനുഭവങ്ങൾ നാം നിത്യേനയെന്നോണം കണ്ടും കേട്ടും കൊണ്ടിരിക്കുന്നു. ഇരുളാർന്ന കാലത്തെ പ്രകാശിതമാക്കുന്ന വ്യക്തിത്വങ്ങളാണ് ഈ ഹദീസിൽ പരാമർശിച്ച സന്താനങ്ങൾ. അവരെ വിശുദ്ധ ഗ്രന്ഥത്തിന്റെ രാജപാതയിലേക്ക് നയിച്ചവരാണ് മാതാപിതാക്കൾ; അത്തരക്കാർക്ക് നൽകപ്പെടുന്ന ബഹുമതിയാണീ പ്രകാശകിരീടം.

പഠനപാരായണവും അതിന്റെ സക്രിയമായ ജീവിതപരിവർത്തനവും ഇത്തരം സന്താനങ്ങളിലൂടെ അനന്തരമെടുക്കപ്പെടുന്നു. ഈ പ്രക്രിയ യുഗാന്തരങ്ങളോളം ഫലദായകമായ സുകൃതമായി മാറുന്നു. തലമുറകൾ തങ്ങളുടെ ജീവിത വഴിയിലെ വെളിച്ചമായി ദൈവിക ഗ്രന്ഥത്തെ ഹൃദയത്തിലേറ്റാൻ കാരണക്കാരായ രക്ഷിതാക്കൾ അന്ത്യദിനത്തിലെ വെപ്രാളത്തിനും, സമാനതകളില്ലാത്ത ഭയാനതക്കും കൂരിരുട്ടിനുമിടയിൽ പ്രഭാപൂരിത പ്രകാശകിരീടങ്ങളാൽ അലംകൃതരായിരിക്കുന്ന മനോഹരമായ കാഴ്ച സങ്കൽപാതീതമാണ്. ഇവിടെ സൗഭാഗ്യം നേടിയ രക്ഷിതാക്കൾ ദൈവേഛയുടെ താൽപര്യമനുസരിച്ച് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുകയും പ്രായോഗിക ജീവിതത്തെ അതിന്റെ മൂശയിൽ മാറ്റിപ്പണിയുന്ന മക്കളെ വളർത്തിയുമാണ് അവർക്കനുഗ്രഹമാകുന്നത്.

പ്രവാചകനെ കുറിച്ച് ചോദിച്ചപ്പോൾ ആഇശ(റ) പറഞ്ഞു: “അല്ലാഹുവിന്റെ ദൂതന്റെ സ്വഭാവം ഖുർആനാണ്.” വേദഗ്രന്ഥം താൽപര്യപ്പെടുന്ന സ്വഭാവശീലങ്ങളുടെ അത്യുന്നതങ്ങളിൽ പ്രകാശിക്കുന്ന പ്രവാചകൻ ലോകത്തിന്റെ കാരുണ്യമാണെന്ന് വേദഗ്രന്ഥം പരിചയപ്പെടുത്തുന്നു. വേദസൂക്തങ്ങൾ വീണ്ടും സാക്ഷ്യപ്പെടുത്തുന്നു: “നിശ്ചയം താങ്കൾ ഉത്തമ സ്വഭാവഗുണങ്ങളുടെ പൂർണതയാണ്”. ഇവിടെ പാരായണം ചെയ്യപ്പെടുന്ന ഗ്രന്ഥം പഠിതാവിന്റെ വഴികാട്ടിയായിത്തീരുകയാണ്.

പ്രവാചകന് അവതരിച്ച ഖുർആൻ യാതൊരുവിധ തിരുത്തലുകൾക്കുമിടമില്ലാതെ ഇന്നും മുസ്‌ലിംകളുടെ കൈവശമുണ്ട്. പക്ഷേ, അതിന്റെ ചൈതന്യപൂർണമായ ഇടപെടൽ മുസ്‌ലിം ജീവിതത്തിൽ നിന്നും കാതങ്ങൾ അന്യം നിന്നു പോയിരിക്കുന്നു. വിശുദ്ധ ഗ്രന്ഥങ്ങളെ ആത്മാവില്ലാതെ അലങ്കാരമായി കൊണ്ടു നടക്കുന്നവരെ ഖുർആൻ ഉപമിച്ചിരിക്കുന്നത് ഗ്രന്ഥം വഹിക്കുന്ന കഴുതകളോടാണ്. പുറത്തിരിക്കുന്ന ഗ്രന്ഥത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് കഴുതക്കെന്തറിയാം? ഇവിടെയാണ് നാം സമകാലികസമൂഹത്തെക്കുറിച്ച് ചിന്തിക്കേണ്ടത്.

വേദഗ്രന്ഥത്തിന്റെ താൽപര്യപൂർത്തിക്കായി മക്കളെ വളർത്തിയൊരുക്കിയ മാതാപിതാക്കൾ അന്ത്യദിനത്തിലെ അത്യപൂർവ കിരീടധാരികളാണ്. മാതാപിതാക്കൾ ഇത്രയും അനുഗ്രഹീതരെങ്കിൽ സന്താനങ്ങൾക്ക് സ്രഷ്ടാവിന്റെ മുമ്പിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ അവർണനീയമാണെന്നാണ് ഹദീസിന്റെ അവസാനം സൂചിപ്പിക്കുന്നത്. അത്തരക്കാരിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തട്ടെ. ■

**അശ്റഫ് പേരാമ്പ്ര**